(ബി) വൈദ്യുതനിലയത്തിന്റെ ഉൽപ്പാദനക്ഷമതയിൽ വന്ന മാറ്റം കാരണം ബോർഡിന് അത് സ്ഥാപിച്ചതിനുശേഷം ഇതേവരെ എന്തെങ്കിലും നഷ്ടം ഉണ്ടായിട്ടുണ്ടോ; ഏതെല്ലാം നിലയിൽ മൊത്തം എന്തു തുകയുടെ നഷ്ടം ഇതിനകം ബോർഡിനുണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ബ്രഹ്മപുരം താപനിലയം സ്ഥാപിക്കാൻ ബോർഡ് ഏത് വിദേശകമ്പനിയുമായിട്ടാണ് ധാരണാപത്രത്തിൽ ഏർപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ; പദ്ധതിക്ക് ഇതിനകം ചെലവായ മൊത്തം തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പദ്ധതിക്കുവേണ്ടി ഏത് കമ്പനിയുടെ എന്ത് തുകയ്ക്കുള്ള യന്ത്ര സാമഗ്രികൾ വാങ്ങുകയുണ്ടായി?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*:

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഫ്രാൻസിലെ എസ്.ഇ.എം.റ്റി.പീൽ സ്റ്റിക് (SEMT Piel Stick) സെൻട്രേൽസ് ഡീസൽ എക്സ്പോർട്സ് (Centrales Diesel Exports) എന്നീ കമ്പനികളുമായി ധാരണാപത്രങ്ങളിൽ ഒപ്പുവച്ചിരുന്നു. പദ്ധതിക്ക് 6/2005 വരെ 316,58,31,070 രൂപ ചെലവായിട്ടുണ്ട്. ചെലവായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. †

(ഡി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു. †

"കാർഷിക ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റാൻ നടപടി"

*12 [403] *ശ്രീ. കെ. ബാബു:*
ശ്രീമതി മേഴ്സി രവി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ഇ. എം. അഗസ്തി:
,, *ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(ബി) ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങളെയാണ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ പരിപാടിയിലൂടെ എത്രപേർക്ക് തൊഴിൽ നൽകുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) ഉണ്ട്.

(ബി) പഴങ്ങൾ, പച്ചക്കറികൾ, തെങ്ങിൽനിന്നുള്ള ഉൽപ്പന്നങ്ങൾ, സുഗന്ധ ദ്രവ്യങ്ങൾ, കാപ്പി, ഈറ, ഔഷധസസ്യങ്ങൾ, കൈത, ഓല, വാഴപ്പോള, നെല്ല് തുടങ്ങിയവയാണ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുവാൻ ഉദ്ദേശിക്കുന്നത്.

(സി) 250 പേർക്ക് നേരിട്ടും പരോക്ഷമായി അനേകം പേർക്കും തൊഴിൽ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അന്യസംസ്ഥാനങ്ങളിൽനിന്നെത്തുന്ന കന്നുകാലികൾക്ക് ആന്ത്രാക്സ് രോഗബാധയില്ലെന്ന് ഉറപ്പുവരുത്താൻ നടപടി

*13 [404] *ശ്രീ. കെ. നാരായണക്കുറുപ്പ്*:

,, *തോമസ് ചാഴികാടൻ*:

,, *റോഷി അഗസ്റ്റിൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽനിന്ന് സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്ന കന്നുകാലി കൾക്ക് ആന്ത്രാക്സ് രോഗബാധയുണ്ടെന്ന വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) മറ്റു സംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന കന്നുകാലികൾക്കും അവയിൽനിന്നുള്ള ഉൽപ്പന്നങ്ങൾക്കും ആന്ത്രാക്സ് രോഗബാധ ഇല്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

വയനാട്, ഇടുക്കി, കോഴിക്കോട് ജില്ലകളിലെ കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം

*14 [405] *ശ്രീ. വി. ചെന്താമരാക്ഷൻ*:

,, *കെ. വി. കുഞ്ഞിരാമൻ*:

,, *മത്തായി ചാക്കോ*:

,, *കെ. കെ. ജയചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly